LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യിലെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുക, സ്ഥിരം യാത്രക്കാർക്കായി സീസൺ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുക, യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ എല്ലാ ഡിപ്പോകളിലും കസ്റ്റമർ റിലേഷൻ സിസ്റ്റവും പരാതി പരിഹാര സെല്ലും ആരംഭിക്കുക, എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക, ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുക, എല്ലാ ഡിപ്പോകളിലും എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുക, വരുമാനം കുറഞ്ഞ റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ പുനഃക്രമീകരിച്ച് ലാഭകരമായി യാത്രക്കാർക്ക് പ്രയോജനപ്രദമായരീതിയിൽ സർവ്വീസുകളാക്കി മാറ്റുക, പുതിയ ബസ്സുകൾ നിരത്തിലിറക്കി യാത്രക്കാരെ ആകർഷിക്കുക തുടങ്ങിയ വിവിധ തരത്തിലുള്ള കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. യാത്രക്കാരെ ആകർഷിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങളുള്ള എ.സി. വോൾവോ ബസ്സുകളും സൂപ്പർ ഡീലക്സ് ബസ്സുകളും അതിവേഗ സിൽവർ ലൈൻ ജെറ്റ് ബസ്സുകളും നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു.

(സി) ടി കർമ്മ പദ്ധതികളെല്ലാം പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കോർപ്പറേഷന്റെ പ്രതിദിന വരുമാനം 7.00 കോടി രൂപയായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഓൺ ലൈൻ റിസർവേഷൻ സംവിധാനം കാലോചിതമായി പരിഷ്കരിച്ചുകഴിഞ്ഞു. എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്ന നടപടിയും എല്ലാ ഡിപ്പോകളിലും എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്ന നടപടിയും അന്തിമഘട്ടത്തിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽപ്പരം സർവ്വീസുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമായരീതിയിൽ പുനഃക്രമീകരിച്ച് ലാഭകരമാക്കി മാറ്റിയിട്ടുണ്ട്. ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കി 350 പുതിയ ബസ്സുകൾ നിരത്തിലിറക്കി കഴിഞ്ഞു.

ഗതാഗത നിയമങ്ങൾ

309 (3131) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ഗതാഗത നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിച്ച എത്ര കേസ്സുകൾ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെടുന്നു ; വിശദമാക്കുമോ ?

ഉത്തരം

പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ താഴെ കൊടുക്കുന്നു :

വർഷം	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
18-5-2011 മുതൽ 31-12-2011 വരെ	91,432
2012	1,84,578
2013	2,20,650
2014	2,25,841
2015 മെയ് 31 വരെ	1,15,720

കണ്ണൂർ ജില്ലയിലെ ജൻറം ബസ്സുകൾ

310 (3132) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര ജൻറം ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജൻറം ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ബസ്സുകൾ ; എവിടെയൊക്കെയാണ് അവ സർവ്വീസ് നടത്തുന്നത് ;

(സി) പയ്യന്നൂരിൽനിന്നും ബംഗ്ളൂരുവിലേക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സൂപ്പർ ഡീലക്സ് ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ബംഗ്ളൂരിലേക്കുള്ള യാത്രക്കാരുടെ എണ്ണം പരിഗണിച്ച് പയ്യന്നൂരിൽ നിന്നും ഒരു എ.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 8 ജൻറം ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly